# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### കാർഷിക ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽ കിണർ നിർമ്മാണം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3955** **21.10.16- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.റോജി എം. ജോൺ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാർഷിക -ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിബന്ധനയോ, വിലക്കോ ഏർ പ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ചട്ട പ്രകാരമാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ)<br>&<br>(ബി)<br>&<br>(സി) | 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 93(എ) പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നതിനായി ഭൂഗർഭ ജല വകുപ്പിൽ നിന്നും അനുമതി വാങ്ങി ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | കാർഷിക -ഗാർഹിക ആവശ്യത്തിന് കുഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന്റെ അനുമതി വാങ്ങണമെന്നുള്ള നിർ ദ്ദേശം പഞ്ചായത്ത് വകുപ്പിന് സർക്കാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) | കാർഷിക -ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽ കിണർ കുഴിച്ചവർക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് പമ്പ് ഹൗസിന് നമ്പർ നൽകണമെങ്കിൽ ഭൂജല വകുപ്പിന്റെ എൻ. ഒ. സി. ഹാജരാക്കണമെന്ന നിർ ദ്ദേശം തദ്ദേശ സ്വയം ഭരണ വകുപ്പിന് സർക്കാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | | |

| | | | |
|---|---|---|---|
| (ഡി) | ഭൂജല വകുപ്പിന്റെ അനുവാദം ഇല്ലാതെ കാർഷിക ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽ കിണർ കുഴിച്ചവരുടെ കാര്യത്തിൽ പമ്പ് ഹൗസിന് നമ്പർ ഇട്ട് കിട്ടുന്നതിന് ഗുണഭോക്താക്കൾ ആരെയാണ് സമീപിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; | (ഡി) | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച ശേഷം നമ്പറിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെ സമീപിക്കാവുന്നതാണ്. |
| (ഇ) | കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും വായ്പ എടുത്ത് കിണർ കുഴിച്ചവർക്ക് മാസങ്ങളോളം നിസാര കാരണം പറഞ്ഞ് കുടിവെള്ളം നിഷേധിക്കുന്നവർ ക്കെതിരെ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | പരാതികൾ ലഭിക്കുന്ന സംഗതികളിൽ ആയതിന്റെ സ്വഭാവമനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ